(സി) ഇല്ല.

(ഡി) കേസന്വേഷണം ഊർജ്ജിതമായി നടക്കുന്നുണ്ട്.

(ഇ) നിയമപരമായ സംരക്ഷണം നൽകുന്നുണ്ട്.

റിട്ടയേർഡ് ഡി.ജി.പി.മാർക്കുള്ള പോലീസ് സംരക്ഷണം

71 (4506) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിട്ടയേർഡ് ഡി.ജി.പി.-മാർക്ക് പോലീസ് സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ട് പോലീസ് ഡിപ്പാർട്ടുമെന്റിൽ ഇതുവരെ എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് ആരുടെയൊക്കെ അപേക്ഷകളാണ് എന്ന് വിശദമാക്കാമോ ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ ആർക്കെല്ലാമാണ് പോലീസ് സംരക്ഷണം നൽകിവരുന്നത് ;

(ഡി) ഓരോരുത്തർക്കും എത്രവീതം പോലീസുകാരെയാണ് സംരക്ഷണത്തിന് നിയോഗിച്ചിട്ടുള്ളതെന്നും ഏത് റാങ്കിലുള്ള ഉദ്യോഗസ്ഥരെയാണ് ഇതിന് നിയോഗിച്ചിട്ടുള്ളതെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) അപേക്ഷയുടെ അടിസ്ഥാനത്തിൽ ആർക്കും സംരക്ഷണം നൽകുന്നില്ല. എന്നാൽ മുൻഡി.ജി.പി. ശ്രീ. കെ. ജെ. ജോസഫിന് സുരക്ഷിതത്വ സംബന്ധമായ ഭീഷണിയുണ്ടെന്ന് ഇന്റലിജൻസ് റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സംരക്ഷണം നൽകിവരുന്നുണ്ട്.

(ഡി) രണ്ട് പോലീസ് കോൺസ്റ്റബിൾമാർ.

കണ്ണവം പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം

72 (4507) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണവം പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) കണ്ണവം പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly